ഭരണഭാഷ, മാതൃഭാഷ

നം. ഒസിബി 2-590/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, 5-ാം നില,
തിരുവനന്തപുരം 33
തീയതി: 27/8/2019
ഫോൺ നം.: 0471-2303077

## തെരഞ്ഞെടുപ്പ് വിജ്ഞാപനം

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് കേരള- തെരഞ്ഞെടുപ്പ് -സംബന്ധിച്ച്.

സൂചന:- 1. ജി. ഒ. (എം. എസ് )നം. 81/2014/ സാ.നീ.വ. തീയതി 30/9/2014
2. സ.ഉ.(സാ.ധാ)നം.278/2019/സാ.നീ.വ. തീയതി 28/5/2019

സൂചന (1) പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസിലെ മാനേജിംഗ് കമ്മിറ്റി പ്രതിനിധികളായ 5 പേരുടെ കാലാവധി 29/09/2019 ൽ അവസാനിക്കുകയാണ്. സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് മാനേജിംഗ് കമ്മിറ്റി പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് റിട്ടേണിംഗ് ആഫീസറായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് ആയിട്ടുണ്ട്. ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫേനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് പുനഃസംഘടിപ്പിക്കുന്നതിനായി ബോർഡ് അംഗീകാരം നൽകിയിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയിൽ നിന്നും 5 അംഗങ്ങളെ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട് 1960 സെക്ഷൻ 5, സബ് സെക്ഷൻ2(ബി) പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതുണ്ട്. ആയതിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് 19/10/2019 ന് ടൗൺ ഹാൾ, തൃശ്ശൂർ, വെച്ച് നടത്തുന്നതാണ്.

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള ക്ഷേമസ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാവുന്നതാണ്. സ്ഥാനാർത്ഥിയെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള മറ്റൊരു ക്ഷേമസ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റി അംഗം നാമനിർദ്ദേശം ചെയ്യേണ്ടതും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള മറ്റൊരു ക്ഷേമസ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റി അംഗം പിൻതാങ്ങേണ്ടതുമാണ്.

താഴെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവർ നോമിനേഷൻ നൽകുവാൻ പാടില്ല.

1. കേരളത്തിൽ സ്ഥിരം താമസമല്ലാത്തവർ
2. 35 വയസ്സ് പൂർത്തിയാകാത്താവർ
3. നിയമസഭയിലോ പാർലമെന്റിന്റെ ഇരുസഭകളിൽ ഏതെങ്കിലുമോ അംഗമായിരിക്കുന്നവർ.
4. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുമാനം പറ്റുന്ന സ്ഥാനം വഹിയ്ക്കുന്നവർ.
5. ബുദ്ധി സ്ഥിരതയില്ലാത്തവർ എന്ന് അധികാരപ്പെട്ട കോടതി പ്രഖ്യാപിച്ചിട്ടുള്ളവർ.
6. പാപ്പരായവർ.

തെരഞ്ഞെടുപ്പിനു നോമിനേഷൻ നൽകിയവരുടെ യോഗ്യതയുടെ കാര്യത്തിൽ എന്തെങ്കിലും തർക്കമോ, അഭിപ്രായ വ്യത്യാസമോ ഉണ്ടാവുകയാണെങ്കിൽ അതു വരണാധികാരിയായ സാമൂഹ്യനീതിഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. വരണാധികാരിയുടെ തീരുമാനം അപ്പീൽ മുഖാന്തിരം ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെ അന്തിമമായിരിക്കും.

സാമൂഹ്യനീതി ഡയറക്ടറുടെ തീരുമാനത്തിനെതിരെയുള്ള അപ്പീൽ സർക്കാരിലേയ്ക്കാണ് നൽകേണ്ടത്. ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും. തെരഞ്ഞെടുപ്പ് രഹസ്യ ബാലറ്റിലൂടെ മുൻഗണനാപരമായ വോട്ടിംഗ് സമ്പ്രദായം അനുസരിച്ചാണ് നടത്തേണ്ടത്.

**<u>തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ:-</u>**

| | | |
|---|---|---|
| ➢ നോമിനേഷൻ സ്വീകരിയ്ക്കുന്ന തീയതി | : | 18/09/2019 11 മണി മുതൽ 25/09/2019 11 മണിവരെ |
| ➢ സൂക്ഷ്മ പരിശോധന | : | 26/09/2019 പകൽ 11 മണി |
| ➢ നോമിനേഷൻ പിൻവലിക്കാനുള്ള തീയതി | : | 28/09/2019 പകൽ 1 മണി വരെ |
| ➢ മത്സരത്തിനുള്ള സ്ഥാനാർത്ഥികളുടെ പേരുകൾ പ്രസിദ്ധീകരിക്കുന്നത് | : | 28/09/2019 പകൽ 3 മണി വരെ |
| ➢ തെരഞ്ഞെടുപ്പ് | : | 19/10/2019 പകൽ 11 മണി മുതൽ 3 മണി വരെ |
| ➢ വോട്ടെണ്ണൽ | : | 19/10/2019 4 മണി |
| ➢ നോമിനേഷൻ ഫാറം ലഭിയ്ക്കുന്ന സ്ഥലം | : | ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം.-33 |
| ➢ നോമിനേഷൻ സ്വീകരിയ്ക്കുന്ന സ്ഥലം | : | സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, 5-ാം നില, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം-33. |

പൂരിപ്പിച്ച നോമിനേഷൻ ഫാറം 25/09/2019 പകൽ 3 മണിക്കു മുൻപായി നേരിട്ടോ രജിസ്റ്റേർഡ് തപാലിലോ ഷീബ ജോർജ്ജ് ഐ.എ.എസ്. സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, 5-ാം നില, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695033. എന്ന വിലാസത്തിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാലിലോ ലഭിക്കേണ്ടതാണ്. കവറിനു പുറത്ത് "ഓർഫനേജ് കൺട്രോൾ ബോർഡിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് 2019" എന്ന് രേഖപ്പെടുത്തണം.

സാമൂഹ്യനീതി ഡയറക്ടർ

റിട്ടേണിംഗ് ആഫീസർ